"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ ഇ വി വിനോദ് മുതൽ പേർ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No.18936/2017 നമ്പർ കേസിന്മേലുള്ള 27.05.2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2268/2025/LSGD തീയതി,തിരുവനന്തപുരം, 20-09-2025

---

പരാമർശം:- 1. സ.ഉ (എം.എസ്) നം. 14/82/എൽ.ബി.ആർ തീയതി. 22.04.1982

2. സ.ഉ (എം.എസ്) നം. 91/2001/തസ്വഭവ തീയതി. 29.03.2001
3. ശ്രീ. ഇ വി വിനോദ് മുതൽപേർ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No.18936/2017 നമ്പർ കേസിന്മേലുള്ള 27.05.2025 തീയതിയിലെ വിധിന്യായം
4. ആലുവ മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ 21.07.2025 ലെ 3158395-2025 നമ്പർ റിപ്പോർട്ട്
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.08.2025 ലെ LSGD/PD/44687/2023-DEF4 നമ്പർ കത്ത്

**ഉത്തരവ്**

ആലുവ നഗരസഭയിൽ സാനിറ്റേഷൻ വർക്കർമാരായി ജോലി ചെയ്തിരുന്ന ശ്രീ. ഇ വി വിനോദ് മുതൽ പേർ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No.18936/2017 നമ്പർ കേസിന്മേലുള്ള പരാമർശം (3) വിധിന്യായത്തിൽ, Ext P7 ( G.O(Rt) No.1028/2017 dated 31.03.2017) set aside ചെയ്യുകയും ഒന്നും രണ്ടും പരാതിക്കാരെയും ആലുവ നഗരസഭ സെക്രട്ടറിയെയും നേരിൽ കേട്ടുകൊണ്ട്, അപേക്ഷ പുന:പരിഗണിക്കണമെന്നും സർക്കാരിനോട് നിർദേശിച്ചിരുന്നു.

2. പരാമർശം (3) ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ആലുവ നഗരസഭാ സെക്രട്ടറിയെയും ഒന്നും രണ്ടും പരാതിക്കാരെയും പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 22.07.2025 ന് നേരിൽ കേൾക്കുകയുണ്ടായി. തങ്ങൾ 31/12/2000 ന് മുൻപുതന്നെ 1999 ലും 1995 ലും നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചവരാണെന്നും ആയതിനാൽ പരാമർശം (2) ഉത്തരവ് പ്രകാരം തങ്ങൾക്കു സ്ഥിര നിയമനത്തിന് അർഹതയുണ്ടെന്നും പരാതിക്കാർ അറിയിച്ചു.

എന്നാൽ നിയമന തീയതി / വർഷം സംബന്ധിച്ച് രേഖകൾ ഒന്നും തന്നെ സമർപ്പിച്ചിരുന്നില്ല. ടി വിഷയം സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറും ആലുവ നഗരസഭാ സെക്രട്ടറിയും പരാമർശം (4), (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ ചുരുക്കം ചുവടെ ചേർക്കുന്നു--

3. സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം തസ്തികകളിലെ നിയമനം കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 224(1) പ്രകാരം അതാത് മുനിസിപ്പൽ കൗൺസിലുകളുടെ അധികാര പരിധിയിലാണ്. എന്നാൽ ടി നിയമനങ്ങൾ പരാമർശം (1), (2) എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നടത്താനാകുകയുള്ളൂ. ആയതനുസരിച്ച് പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിതരായവർക്കോ 31.12.2000 വരെ ദിവസക്കൂലിയടിസ്ഥാനത്തിൽ വിവിധ നഗരസഭകൾ നിയമിച്ച തൊഴിലാളികൾക്കോ മാത്രമേ കണ്ടിജന്റ് ജീവനക്കാരുടെ ബദൽ ലിസ്റ്റിൽ സീനിയോറിറ്റി അനുസരിച്ച് നിയമിക്കപ്പെടുന്നതിനും അതുവഴി സ്ഥിരം തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരപ്പെടുന്നതിനും അർഹതയുള്ളൂ.

4. സി.എൽ.ആർ തൊഴിലാളികളായ ഹർജിക്കാർ ആലുവ നഗരസഭയിൽ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന നിയമിതരായവരല്ല. 2001 മാർച്ചിന് ശേഷം മാത്രമാണ് ടിയാളുകൾ താൽക്കാലികമായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. ആയതിനാൽ ടിയാളുകൾ പരാമർശം (2) ഉത്തരവിന്റെ പരിധിയിൽ വരുന്നില്ല. 31.12.2000- ന് മുൻപ് ഹർജിക്കാർ നഗരസഭയിൽ ജോലി ചെയ്തിരുന്നതായി രേഖകളില്ല. ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ടിയാളുകൾ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP (C) No. 14979/2016 നമ്പർ കേസിന്മേലുള്ള 02.11.2016-ലെ വിധിന്യായം നടപ്പിലാക്കികൊണ്ടും ഹർജിക്കാരുടെ ആവശ്യം നിരസിച്ചുകൊണ്ടും 31.03.2017 തീയതിയിലെ 1028/2017/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

5. നഗരസഭയുടെ സാമ്പത്തിക പരാധീനതമൂലം സാനിറ്റേഷൻ വർക്കർമാരുടെ അംഗീകൃത സംഖ്യാബലം 66-ൽ നിന്നും 48 ആയി കുറയ്ക്കുന്നതിനും ആയതിന് സർക്കാർ അനുമതി തേടുന്നതിനും നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണെന്നും നഗരസഭയുടെ സാമ്പത്തിക പരാധീനത കാരണം നിലവിലുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചെഞ്ചിൽ റിപ്പോർട്ട് ചെയ്യുന്ന വിഷയത്തിൽ തീരുമാനമെടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്നും ആലുവ നഗരസഭയിൽ സ്ഥിരനിയമനം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.ഇ.വി വിനോദ് മുതൽ പേർ സമർപ്പിച്ച പരാതി ബഹു. ഹൈക്കോടതി വിധിന്യായത്തിന്റെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ തീർപ്പാക്കിയിരുന്നതാണെന്നും നിയമാനുസൃതം തീർപ്പാക്കിയ പരാതി വീണ്ടും ഉന്നയിക്കുന്നത് സദുദ്ദേശപരമായി കാണാനാവില്ലെന്നും നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ഹർജിക്കാർക്ക് സ്ഥിരനിയമനത്തിന് അർഹതയില്ലാത്തതാണെന്നും പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. മേൽ സാഹചര്യത്തിൽ നഗരസഭാ സെക്രട്ടറിയുടെയും പ്രിൻസിപ്പൽ ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഹിയറിംഗ് വേളയിൽ ഹർജിക്കാർ അറിയിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലും, WP(C) No.18936/2017 നമ്പർ കേസിലെ ഒന്നും രണ്ടും പരാതിക്കാരായ ശ്രീ ഇ വി വിനോദ്, ശ്രീ സി.വി മണി എന്നിവർ 31.12.2000 -ന് മുൻപ് ആലുവ നഗരസഭയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ശുചീകരണ ജോലിയിൽ പ്രവേശിച്ചവരാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, പകരം തൊഴിലാളികൾ ആയി നിയമിക്കപ്പെടുവാനും അപ്രകാരം സ്ഥിരം നിയമനത്തിനും ഹർജിക്കാർക്ക്

അർഹതയില്ലാത്തതാണ്. ആയതിനാൽ ടിയാളുകളെ ആലുവ നഗരസഭയുടെ 27.02.2016 തീയതിയിലെ 43-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം പകരം തൊഴിലാളികൾ ആയി നിയമിക്കണമെന്ന ആവശ്യം അംഗീകരിക്കുവാൻ കഴിയുന്നതല്ല എന്ന് കണ്ട് ടി ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ബഹു. കേരള ഹൈക്കോടതിയുടെ WP(C) No.18936/2017 നമ്പർ കേസിന്മേലുള്ള 27.05.2025 തീയതിയിലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

2. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

3. സെക്രട്ടറി, ആലുവ നഗരസഭ

4. Shri. E V Vinod, Earathara House, Andi Company, Asokapuram PO, Aluva

5. Shri. C V Mani, Mampilly House, West Kadungallur, Aluva

6.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 20-09-2025 14:44:34
സെക്ഷൻ ഓഫീസർ